# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1778** **16/06/2014-ൽ മറുപടിയ്ക്ക്**

## ചാലക്കുടിപ്പുഴയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന പ്രതിഭാസം

| ചോദ്യം<br>ശ്രീ. ബി. ഡി. ദേവസ്സി: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | ചാലക്കുടി പുഴയിൽ, വിവിധ സ്ഥലങ്ങളിൽ, പല സമയങ്ങളിലായി മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന പ്രതിഭാസം ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ കാരണം കണ്ടെത്താനും പരിഹാരങ്ങൾ നടപ്പിലാക്കുവാനും നടപടി സ്വീകരിക്കുമോ? | (ബി) | മേലൂർ ഗ്രാമപഞ്ചായത്തിലെ ചുണ്ടാണിക്കടവ്, കൂടപ്പുഴ തടയണ, മൂഴിക്കടവ് പ്രദേശങ്ങളിൽ ഫെബ്രുവരി ആദ്യവാരം കരിമീൻ ചത്തുപൊങ്ങിയതിനെ തുടർന്ന് തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തി ജല സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചിരുന്നു. ലഭിച്ച സാമ്പിളുകൾ കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ പരിശോധിച്ചപ്പോൾ ജലത്തിന്റെ കലക്കൽ (ടർബിഡിറ്റി), ഇരുമ്പ് എന്നിവ കൂടിയ അളവിൽ കണ്ടു. ഇത് നിയന്ത്രിക്കുന്നതിന് തുടർച്ചയായ ജലപരിശോധന നടത്തുന്നതിന് കേരള മലിനീകരണ നിയന്ത്രണ ബോർഡിനോടും കേരള ജല അതോറിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ